"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - ജീവനക്കാര്യം - കെ.എസ്.എഫ്.ഇ യ്ക്ക് വേണ്ടി രണ്ട് സ്പെഷ്യൽ ഡെപ്യൂട്ടി തഹസിൽദാർ തസ്തികകൾ bill of cost അടിസ്ഥാനത്തിൽ വിട്ടു നൽകുന്നതിനുവേണ്ടി റവന്യൂ വകുപ്പിൽ രണ്ട് ഡെപ്യൂട്ടി തഹസിൽദാർ തസ്തികകൾ സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (സി) വകുപ്പ്**

സ.ഉ.(കൈ) നം.187/2025/RD    തീയതി,തിരുവനന്തപുരം, 26-06-2025

---

പരാമർശം:-

1) കെ.എസ്.എഫ്.ഇ മാനേജിംഗ് ഡയറക്ടറുടെ 08.03.2022 തീയതിയിലെ 1151/റിക്കവറി നമ്പർ കത്ത്.

2) ലാൻഡ് റവന്യൂ കമ്മീഷണറുടെ 29.01.2023 തീയതിയിലെ LRE1/8558/2022 നമ്പർ കത്ത്.

**ഉത്തരവ്**

കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് (കെ.എസ്.എഫ്.ഇ) യുടെ കുടിശിക പിരിവ് ഊർജിതമാക്കുന്നതിന് വേണ്ടി നിലവിലുള്ള 10 സ്പെഷ്യൽ ഡെപ്യൂട്ടി തഹസിൽദാർ (ആർ.ആർ) ഓഫീസുകൾക്കു പുറമെ പത്തനംതിട്ട, മലപ്പുറം ജില്ലകളിൽ പുതുതായി രൂപീകരിക്കുന്ന സ്പെഷ്യൽ ഡെപ്യൂട്ടി തഹസിൽദാർ (ആർ.ആർ) ഓഫീസുകളിലേയ്ക്കായി രണ്ട് സ്പെഷ്യൽ ഡെപ്യൂട്ടി തഹസിൽദാർ തസ്തികകൾ bill of cost അടിസ്ഥാനത്തിൽ വിട്ടു നൽകണമെന്നുമുള്ള കെ.എസ്.എഫ്.ഇ, മാനേജിംഗ് ഡയറക്ടറുടെ പരാമർശം (1) അപേക്ഷയുടെ അടിസ്ഥാനത്തിൽ, സർക്കാർ നിർദ്ദേശത്തെ തുടർന്ന് കെ.എസ്.എഫ്.ഇ യുടെ റവന്യൂ റിക്കവറി നടപടികൾക്കായി പത്തനംതിട്ട, മലപ്പുറം ജില്ലകളിൽ പുതുതായി രൂപീകരിക്കുന്ന രണ്ട് സ്പെഷ്യൽ ഡെപ്യൂട്ടി തഹസിൽ ദാർ (ആർ.ആർ) ഓഫീസുകളിലേയ്ക്കായി, രണ്ട് സ്പെഷ്യൽ ഡെപ്യൂട്ടി തഹസിൽദാർ (ആർ.ആർ) തസ്തികകൾ bill of cost അടിസ്ഥാനത്തിൽ വിട്ടു നൽകുന്നതിനുവേണ്ടി റവന്യൂ വകുപ്പിൽ രണ്ട് ഡെപ്യൂട്ടി തഹസിൽദാർ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശിപാർശ പരാമർശം (2) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ സമർപ്പിക്കുകയുണ്ടായി.

2) സർക്കാർ ആ വിഷയം വിശദമായി പരിശോധിച്ചു പത്തനംതിട്ട, മലപ്പുറം ജില്ലകളിൽ കെ.എസ്.എഫ്.ഇ പുതുതായി രൂപീകരിക്കുന്ന സ്പെഷ്യൽ ഡെപ്യൂട്ടി തഹസിൽദാർ (ആർ.ആർ)

ഓഫീസുകളിലേയ്ക്കായി രണ്ട് സ്പെഷ്യൽ ഡെപ്യൂട്ടി തഹസിൽദാർ തസ്തികകൾ bill of cost അടിസ്ഥാനത്തിൽ വിട്ടു നൽകുന്നതിനായി റവന്യൂ വകുപ്പിൽ രണ്ട് ഡെപ്യൂട്ടി തഹസിൽദാർ തസ്തികകൾ സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എം ജി രാജമാണിക്കം
സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം

സെക്രട്ടറി, ലാൻഡ് ബോർഡ്, തിരുവനന്തപുരം

എല്ലാ ജില്ലാ കളക്ടർമാർക്കും

അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം

പൊതുഭരണ (എസ്.സി) വകുപ്പ്

നികുതി (എച്ച്) വകുപ്പ്

ധന (വ്യയം-ഡി) വകുപ്പ്

മാനേജിംഗ് ഡയറക്ടർ, കെ.എസ്.എഫ്.ഇ

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.(സി2/87/2022-റവ)

ഉത്തരവിൻ പ്രകാരം
Signed by
Vinu V. Gopal
സെക്ഷൻ ഓഫീസർ
Date: 26-06-2025 13:48:43

പകർപ്പ്:-

ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

റവന്യൂ സെക്രട്ടറിയുടെ പി.എ യ്ക്ക്

റവന്യൂ അഡീഷണൽ സെക്രട്ടറിയുടെ സി.എ യ്ക്ക്.

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 05-06-2025**

ഫയൽ നം. സി2/87/2022/റവന്യൂ. ഇനം നം: 2999

വിഷയം : റവന്യൂ വകുപ്പ് - റവന്യൂ വകുപ്പിൽ ഡെപ്യൂട്ടി തഹസിൽദാർ തസ്തികകൾ സൃഷ്ടിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്.

5/6
06/06/25

2999

**കേരള സർക്കാർ**
**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | സി2/87/2022-റവ |
| 2 | വകുപ്പ് | : | റവന്യൂ (സി) വകുപ്പ് |
| 3 | വിഷയം | : | റവന്യൂ വകുപ്പിൽ ഡെപ്യൂട്ടി തഹസിൽദാർ തസ്തികകൾ സൃഷ്ടിക്കുന്നത് - സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 15.05.2025 |
| 5 | i)ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | അല്ല |
| | ii)സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾ ക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7 | കരട് കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര്. | : | ശ്രീ.ബിജു.ജെ |
| 8 | കരട് കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര്. | : | ശ്രീമതി.ടിങ്കു ബിസ്വാൾ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 23.05.2025 |
| 10 | കരട് കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര്. | : | ഡോ.എ .ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 27.05.2025 |
| 12 | കരട് കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര്. | : | ശ്രീ.കെ.രാജൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച് തീയതി | : | 27.05.2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 27.05.2025 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് | : | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് (കെ.എസ്.എഫ്.ഇ) യുടെ റവന്യൂ റിക്കവറി നടപടികൾക്കായി പത്തനംതിട്ട, മലപ്പുറം ജില്ലകളിൽ പുതിയതായി രൂപീകരിക്കുന്ന രണ്ട് സ്പെഷ്യൽ ഡെപ്യൂട്ടി തഹസിൽദാർ (ആർ.ആർ) ഓഫീസുകളിലേയ്ക്കായി, രണ്ട് സ്പെഷ്യൽ ഡെപ്യൂട്ടി തഹസിൽദാർ (ആർ.ആർ) തസ്തികകൾ bill of cost അടിസ്ഥാനത്തിൽ വിട്ടു നൽകുന്നതിനുവേണ്ടി റവന്യൂ വകുപ്പിൽ രണ്ട് ഡെപ്യൂട്ടി തഹസിൽദാർ തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്

2) കെ.എസ്.എഫ്.ഇ യിൽ വൻ കുടിശ്ശികയുള്ള ഫയലുകളിൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിന് പത്ത് സ്പെഷ്യൽ ഡെപ്യൂട്ടി തഹസിൽദാർ (ആർ.ആർ) ഓഫീസുകൾ നിലവിലുണ്ട്. റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിനായി ഒരു ഡെപ്യൂട്ടി കളക്ടറേയും, പത്ത് സ്പെഷ്യൽ ഡെപ്യൂട്ടി തഹസിൽദാർമാരെയും റവന്യൂ വകുപ്പിൽ നിന്ന് സർക്കാർ കെ.എസ്.എഫ്.ഇ യ്ക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. ഈ ഉദ്യോഗസ്ഥർക്ക് ഒരു വർഷത്തേയ്ക്കു വേണ്ട ആകെ ശമ്പളവും, മറ്റ് ആനുകൂല്യങ്ങളും ഉൾപ്പെടുന്ന തുക കണക്കാക്കി അതത് സാമ്പത്തികവർഷം തന്നെ കെ.എസ്.എഫ്.ഇ ട്രഷറിയിൽ അടയ്ക്കുന്നുണ്ട്. കെ എസ് എഫ് ഇ യുടെ കുടിശിക പിരിവ് ഊർജിതമാക്കുന്നതിന് വേണ്ടി നിലവിലുള്ള 10 സ്പെഷ്യൽ ഡെപ്യൂട്ടി തഹസിൽദാർ (ആർ.ആർ) ഓഫീസുകൾക്കു പുറമെ പത്തനംതിട്ട, മലപ്പുറം ജില്ലകളിൽ പുതിയതായി ഓരോ സ്പെഷ്യൽ ഡെപ്യൂട്ടി തഹസിൽദാർ (ആർ.ആർ) ഓഫീസുകൾ രൂപീകരിക്കുന്നതിനും, പ്രസ്തുത ഓഫീസുകളിലേയ്ക്കായി രണ്ട് സ്പെഷ്യൽ ഡെപ്യൂട്ടി തഹസിൽദാർ തസ്തികകൾ bill of cost അടിസ്ഥാനത്തിൽ വിട്ടു നൽകണമെന്നുമുള്ള കെ.എസ്.എഫ്.ഇ, മാനേജിംഗ് ഡയറക്ടറുടെ അപേക്ഷ നികുതി വകുപ്പ് ലഭ്യമാക്കിയിരുന്നു. നിലവിൽ പത്തനംതിട്ട, മലപ്പുറം ജില്ലകളിലെ റവന്യൂ റിക്കവറി പ്രവർത്തനങ്ങൾ യഥാക്രമം കൊല്ലം, പാലക്കാട് സ്പെഷ്യൽ ഡെപ്യൂട്ടി തഹസിൽദാർ ഓഫീസുകൾ മുഖേനയാണ് നടത്തി വരുന്നത്.

3) തുടർന്ന് കെ.എസ്.എഫ്.ഇ, യ്ക്ക് വേണ്ടി രണ്ട് സ്പെഷ്യൽ ഡെപ്യൂട്ടി തഹസിൽദാർ തസ്തികകൾ bill of cost അടിസ്ഥാനത്തിൽ വിട്ടു നൽകുന്നതിനുവേണ്ടി റവന്യൂ വകുപ്പിൽ രണ്ട് ഡെപ്യൂട്ടി തഹസിൽദാർ തസ്തികകൾ സൃഷ്ടിക്കുന്നതിനാവശ്യമായ ശിപാർശ ലാൻഡ് റവന്യൂ കമ്മീഷണർ സമർപ്പിക്കുകയുണ്ടായി.

4) പ്രസ്തുത വിഷയത്തിൽ ധനവകുപ്പിന്റെ അഭിപ്രായം ആരായുകയും, സ്പെഷ്യൽ ഡെപ്യൂട്ടി തഹസിൽദാർ ഓഫീസുകൾക്കായി കെ.എസ്.എഫ്.ഇ യ്ക്ക് ചെലവാകുന്ന തുകയുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ധനവകുപ്പ് ആവശ്യപ്പെട്ടതനുസരിച്ച് സമർപ്പിക്കുകയും ചെയ്തു.

5) കെ.എസ്.എഫ്.ഇ, മാനേജിംഗ് ഡയറക്ടറുടെ അപേക്ഷ പ്രകാരം ഇത്തരത്തിൽ രണ്ട് സ്പെഷ്യൽ ഡെപ്യൂട്ടി തഹസിൽദാർ (ആർ ആർ) തസ്തികകൾ സൃഷ്ടിക്കുന്നതു വഴി സർക്കാരിന് അധിക സാമ്പത്തികചെലവ് ഉണ്ടാകുന്നില്ല എന്നും, കെഎസ്എഫ്ഇ യുടെ വരുമാനം വർദ്ധിപ്പിക്കാൻ ഉതകുന്ന ശുപാർശയാണ് എന്നും റവന്യൂ വകുപ്പ് മന്ത്രി ശുപാർശ ചെയ്തതിനെ തുടർന്ന് ധനവകുപ്പ് ചുവടെ ചേർക്കുന്ന പ്രകാരം അഭിപ്രായം രേഖപ്പെടുത്തുകയുണ്ടായി.

" KSFE -യ്ക്ക് വേണ്ടി രണ്ട് Deputy Tahsildar തസ്തികകൾ bill of cost അടിസ്ഥാനത്തിൽ വിട്ടു നൽകുന്നതിനുവേണ്ടി റവന്യൂ വകുപ്പിൽ പുതിയ രണ്ട് Deputy Tahsildar തസ്തികകൾ സൃഷ്ടിക്കണമെന്ന ഭരണ വകുപ്പ് ശിപാർശ ധനവകുപ്പ് അംഗീകരിക്കുന്നു.

ഇതിന് ബഹു.ധനവകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്"

6) ബഹു. മുഖ്യമന്ത്രി ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

കെ.എസ്.എഫ്.ഇ യ്ക്ക് വേണ്ടി രണ്ട് സ്പെഷ്യൽ ഡെപ്യൂട്ടി തഹസിൽദാർ തസ്തികകൾ bill of cost അടിസ്ഥാനത്തിൽ വിട്ടു നൽകുന്നതിനുവേണ്ടി റവന്യൂ വകുപ്പിൽ രണ്ട് ഡെപ്യൂട്ടി തഹസിൽദാർ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള അനുമതി നൽകാമോ